
# ദക്ഷിണ



## ലിറ്റിൽ കൈറ്റ്സ് 2018-19

### സെൻ്റ് മേരീസ് എച്ച്.എസ്.എസ്.
### മരിയാപുരം



**മരിയാപുരം സെന്റ് മേരീസ്**

**ഹയർസെക്കണ്ടറി സ്കൂളിലെ**

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ**

**ഡിജിറ്റൽ മാഗസിൻ "ദക്ഷിണ"**

**ചിന്തകളിലേക്കുവളർന്ന സ്വപ്നങ്ങളുടേയും**

**ഭാവനകളുടേയും ആവിഷ്കാരമാണ്.**

**കുട്ടികൾ തങ്ങൾ പരിശീലിച്ച ഡിജിറ്റൽ**

**സങ്കേതങ്ങളുടെ കൂട്ടോടെ വരവർണങ്ങൾ**

**വിരിയിച്ചിരിക്കുന്നു. കുട്ടിച്ചിന്തകളെ**

**സർഗസൃഷ്ടിയിലേക്ക് തിരിച്ചുവിട്ടവർക്കും**

**സാധനയുടെ സാഫല്യമറിഞ്ഞവർക്കും**

**ദക്ഷിണക്കും ആശംസകൾ..........**

പ്രിൻസിപ്പാൾ

**കുര്യൻ കെ.ജെ**

# എഡിറ്റോറിയൽ



*സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ
കനവുകൾക്ക് അക്ഷരങ്ങളുടെ നിറം പകർന്ന
കുട്ടികളുടെ പുഞ്ചിരിയാണ് ഈ താളുകളിൽ
നിറയുന്നത്.
കണ്ണിമയ്ക്കാതെ കാലത്തെ പ്രതീക്ഷയോടെ
നോക്കുന്നവരുടെ രചനകൾക്ക് കാലമേറെ
കഴിഞ്ഞാലും മങ്ങിപ്പോവാനാവാത്ത
മായികശോഭയുണ്ട്.
മനസ്സിലെ രഹസ്യ അറകൾക്കുള്ളിൽ
തടകെട്ടി നിറുത്തിയ വികാരങ്ങൾ
അണപൊട്ടി ഒഴുകുകയാണിവിടെ .
കരുത്ത് പകരന്ന് കൂടെനിന്ന കരുതലുള്ള
കരങ്ങൾ അനശ്വരമാക്കിയ വരികൾ
താളുകൾക്ക് മികവ് പകരുന്നു.
ഉള്ളിലുറങ്ങിയ കലാവാസനകൾക്ക്
ഭാവനയുടെ ചിറക് വരച്ചുചേർത്തവരെ
സ്നേഹപൂർവ്വം സ്മരിച്ചുകൊണ്ട്*

**ദക്ഷിണ** *നിങ്ങൾക്കായി സമർപ്പിക്കുന്നു..........*

*എയ്ഞ്ചൽ മരിയാ കെ.എസ്.*




## താളുകൾ മറിയുമ്പോൾ .......

എഡിറ്റോറിയൽ......3
നിലാവ്......6
ഭൂമിയുടെ ചോര ഊറ്റുന്ന മനുഷ്യൻ......7
എന്റെ പ്രകൃതി......8
NEWSPAPER......9
ചെണ്ടക്കാരൻ......9
ലോകം......10
ഇത്തിരിക്കുഞ്ഞൻ......11
*ചിത്രങ്ങൾ*......13
MOTHER'S LOVE......16
*ചോദ്യോത്തരങ്ങൾ......17*
ടെലിവിഷൻ......17
ചിത്രങ്ങൾ......18
*കുഞ്ഞിപ്പൂച്ച*......19
എണ്ണത്തിൽ അല്ല കാര്യം......20
പ്രധാന നൃത്തരൂപങ്ങൾ......20
ക്വിസ് കോർണർ......21
ചിത്രങ്ങൾ......22
കട്ടികുറുമ്പൻ......23
*മഴ*......23
കരടി പറഞ്ഞ സ്വകാര്യം......24
തോരാത്ത മഴ......24
*LONELINESS*......25
മഴവില്ല്......26
ലഡു......26
കുറുമ്പുകൾ......27
നവ കേരളം......27
മഴ......28
Cyclonic circulation......28
എന്റെ ഗ്രാമം......32
അമ്പിളി അമ്മാവൻ......32
STILL FOR TREASURE......33
*മുത്തശ്ശി*......33

സ്നേഹജ്വാല.....34
*TO ALL MY FRIENDS*.....36
ചിന്തിക്കാൻ ഒരുപാടുള്ള ഒരു കൊച്ചുകഥ.....37
The value of discipline.....38
അകലുന്ന കാഴ്ചകൾ.....39
The Scholarship Jacket.....44
*A DOLF*.....45
പിൻനിലാവ്.....45
ക്വിസ് കോർണർ.....46
കേരളം.....47
THE STREAM.....48
പ്രണയം.....48
അച്ഛൻ.....49
*LITTLE KITES PHOTO GALLERY*.....*51*

# നിലാവ്



യദുകൃഷ്ണൻ കെ.എസ്

ചെറുകാററിൻ  കുളിർമയേകും നിലാവ്
മധുരസ്വപ്ങ്ങൾ പൂവണിയും നിലാവിൽ
ഒരു ചെറുപക്ഷി അവൾ തൻ കൂടറിയാതെ തേങ്ങുന്നു
ആരെന്നോ  എന്തെന്നോ അറിയാതെ  നിൽക്കുന്ന
പക്ഷിതൻ  തേങ്ങൽതിരിച്ചറിഞ്ഞു. ആ നിലാവ് തൻ
നെഞ്ചിലെ ചൂടായി ഒട്ടിച്ചേർത്തു ആവളെ
നിലാവിൻ സ്നേഹം അമ്മതൻ സ്നേഹമായി കാൺകെ
അവളുടെ തേങ്ങൽ അല്പം നിലച്ചു.
പാതി ഉറക്കത്തിൽ അവൾ കാണിച്ച വിഷമം
നിലാവിൻ കുളിർമയാൽ അവൾ പരിചരിച്ചു.
അമ്മയായ്, അച്ഛനായ് തൻ കൂടപ്പിറപ്പായ്
ഒരു രാത്രിയിൽ അവൾ എല്ലാം എല്ലാമായ്.......
ഇരുട്ടിനെ പേടിച്ച് കരഞ്ഞ ആ ചെറു പക്ഷിതൻ
താങ്ങായി ചെറു പ്രകാശമേകി തൻ അമ്മ നിലാവ്
പ്രഭാതത്തിൽ കൂട്ടുതേടി പറന്ന ആ ചെറുപക്ഷി
അമ്മ നിലാവിനോടിങ്ങനെയോതി  അമ്മതൻ
സ്നേഹം അജ്ഞാതവും എന്നാൽ
അമ്മ നിലാവിൻ സ്നേഹം അചഞ്ചലവുമാണ്........



## ഭൂമിയുടെ ചോര ഊറ്റുന്ന മനുഷ്യൻ

**Aswani Santhosh**

പരിസ്ഥിതി നേരിടുന്ന ഭീഷണികളെക്കുറിച്ച് നിത്യേന കേട്ടും വായിച്ചും അറിഞ്ഞിട്ടുള്ള നമ്മൾ ആ ഭീഷണികൾക്ക് എന്തുകൊണ്ടോ പരിഹാരം കണ്ടെത്തുന്നില്ല . പരിസ്ഥിതി മലിനീകരണം , വനനശീകരണം എല്ലാം തന്നെ മൗനമായി സഹിക്കുകയാണ് പ്രകൃതിയമ്മ

പരിസ്ഥിതി മലിനീകരണ ഭീഷണിയെക്കുറിച്ച് ആധുനീക മനുഷ്യൻ ചിന്തിച്ചു തുടങ്ങുന്ന കാലമാണിതെങ്കിലും ഏറെയും മനുഷ്യൻ മലിനമാക്കിക്കഴിഞ്ഞു . പരിസ്ഥിതി നശിച്ചാൽ ജീവജാലങ്ങൾ നശിക്കും . മനുഷ്യന്റെ വികലവും വികൃതവുമായ പെരുമാറ്റം കൊണ്ട് പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു . വൃക്ഷങ്ങളും പക്ഷികളും നദികളും പരിസ്ഥിതി സംരക്ഷണത്തിൻെ പ്രധാന ഘടകങ്ങളാണ് . സ്വാർത്ഥമോഹിയായ മനുഷ്യൻ പ്രകൃതിയുടെ കൈകാലുകൾ വെട്ടിനശിപ്പിക്കുന്നു വെട്ടിനശിപ്പിച്ചവയ്ക്ക് പകരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ആരും തയ്യാറല്ല . വൃക്ഷനാശം മണ്ണൊലിപ്പിന് ഇടയാക്കി . വൃക്ഷനശീകരണത്തോടെ പുഴകൾ വരണ്ടു . വൃക്ഷനാശമാണ്
ഒന്നാമത്തെ കാരണം . പരിസ്ഥിതിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന പലതും മനുഷ്യൻ വരുത്തിച്ചവയാണ്.

വായു , വെള്ളം , മണ്ണ് തുടങ്ങിയ ജൈവപ്രധാനമേഖലകളിലെല്ലാം മാലിന്യം നിറഞ്ഞു കൊണ്ടിരിക്കുകയാണ്. വാഹനങ്ങളിൽ നിന്നും പുകയായി പുറന്തള്ളുന്ന കാർബൺ മോണോക്സൈഡ് എന്ന വിഷവാതകം ഹൃദ്രോഗത്തിന് കാരണമാകുന്നു . ആസ്മ ഉണ്ടാക്കുവാനും അതിൻെ കാഠിന്യം വർദ്ധിപ്പിക്കുവാനും വാതകമലിനീകരണത്തിന് കഴിയുന്നു. മൗനമായി നിൽക്കുന്ന ഭൂമിയമ്മയുടെ ജീവൻ ഏതുഘട്ടത്തിലേക്ക് പോകുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം.

## *മുത്തശ്ശി*

ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി
പല്ലില്ലാത്തൊരു മുത്തശ്ശി
വടിയും കുത്തി കാവടിപോലെ
വളഞ്ഞു നടക്കും മുത്തശ്ശി
വളഞ്ഞു നടക്കും മുത്തശ്ശി ( 2)

***Jeethu S***







രേവതി കുമാർ

എന്റെ പ്രിയ കൂട്ടുകാരി
ഇന്ന് നീ എവിടയോ
നിന്റെ കൂടെ കളിക്കാൻ
ഞാൻ ഇതാ വരവായി ...

എന്റെ അമ്മയായി
എന്റെ തോഴിയായി
കൂടെ കളിക്കാൻ
വരുമോ നീ...

നിന്റെ വരവിനായി
ഞാൻ കാതോർത്തു
നിന്റെ ചില്ലകളിൽ
ചേക്കേറാൻ ഇന്ന്
ഞാൻ കൊതിക്കുന്നു. . . ...

## ചിത്രങ്ങൾ



# NEWSPAPER



*Arya Aneesh*

*The newspaper has become the common man's window to the events happening all over the world. It also greatly influences man's political and social views . In the modern world T.V and Radio bring news to us faster than the newspaper But it is heaper and fordable apart from providing news. The newspaper also contain articles on various current topics such articles which educate the reader is included in the editorial page.*

# ചെണ്ടക്കാരൻ

ചെണ്ടക്കാരൻ ചെണ്ടയെടുത്തു
ചെണ്ടക്കിട്ടൊരു കൊട്ടുകൊടുത്തു
കൊണ്ടതുമുതലേ ചെണ്ടതുടങ്ങി
ടിണ്ടക..........ടിണ്ടക..........ടിണ്ടകതോം

*Aleena Thakachan*



## ലോകം

ആരോരും വരില്ല മനുഷ്യരേ
നിന്നുടെ ജീവിത കാലയളവിൽ
ഓരോത്തരും നമ്മുടെ ജീവിതമാകുന്ന
ദീപപ്രഭാഗത കുറയുന്നു

പ്രകൃതിയുടെ അന്തരം കാണുക മനുഷ്യരേ
നിന്നുടെ ജീവിത കാലയളവിൽ നീ ചെയ്യുന്ന
നാശങ്ങളെല്ലാം വരും തലമുറ
അനുഭവിക്കുമെന്ന് നീ ഓർക്കുക
കേരളനാടിന്റെ കേളി അറിഞ്ഞ മനുഷ്യരാണ്
നമ്മൾ ഓരോരുത്തരും ആ നാടിന്റെ ദുഃഖമാം
സന്തോഷദീപം കെടുത്തിയത് മനുഷ്യരേ ഓർക്കുക
നമ്മുടെ നാടിന്റെ ദീപം തെളിക്കുന്നവൻ പ്രകൃതി
നീ ഓർക്കുക...
ജീവിതമായൊരു വിസ്മയ കാഴ്ചകൾ
കാണുന്നതും പ്രകൃതിയിൽ നിന്നല്ലോ മനുഷ്യരേ
മനുഷ്യർ നമ്മുടെ ജീവിത കാലയളവിൽ
തന്നുടെ നാശം തന്നെ തീർക്കുന്നുവെന്നും
മനുഷ്യരായ നമ്മൾ ഓർക്കുക.
പ്രകൃതിയുടെ നാശമല്ല നമ്മളെന്നും ഓർക്കുക
പച്ചപ്പിൻ ആഴമുള്ള പ്രകൃതിയെ
മണ്ണായി തീർക്കുന്നതും നമ്മൾ തന്നെയല്ലേ..?
എല്ലാം അറിയുന്നവനാണ് ഈശ്വരനെന്ന്
നീ ഓർക്കുക മനുഷ്യരേ.......

*എബിൻ സണ്ണി*



# ഇത്തിരിക്കഞ്ഞൻ

മോഹിച്ചുണ്ടായ മകനാണ്. ഒരേഒരുമകൻ. വയസ്സു പത്ത് തികഞ്ഞു. പറഞ്ഞിട്ടെന്തു കാര്യം? തള്ളവിരലിന്റെ അത്ര വലുപ്പമേയുള്ളു അവന്. കണ്ണുണ്ട് മൂക്കുണ്ട് വായുണ്ട് കൈയുണ്ട് അവയവങ്ങളെല്ലാം തികച്ചുമുണ്ട്. തള്ളവിരലിന്റെ വലിപ്പമുള്ള , പത്തു വയസ്സ് തികഞ്ഞ ഒരു കുട്ടിയെ നിങ്ങൾ സങ്കൽപിച്ചു നോക്കൂ. അവൻ കാട്ടുന്ന കുസൃതിത്രം കാണാൻ എന്തുരസം, അല്ലേ? അവന് ഇത്തിരിക്കുഞ്ഞൻ എന്ന് പേരിട്ടു. ഇത്തിരിക്കുഞ്ഞന്റെ അച്ചൻ കൃഷിക്കാരനാണ്. രാത്രിസമയം ഇത്തിരിക്കുഞ്ഞന്റെ അച്ചനമ്മമാർ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ശക്തിയായി ഒരു കാറ്റൂതി. ഇത്തിരിക്കുഞ്ഞന്റെ അമ്മ ഞെട്ടിയുണർന്നു. പായയിൽ തപ്പിനോക്കി മകൻ അടുത്ത് ഇല്ലായിരുന്നു. വിളക്കു കത്തിച്ചുനോക്കി. അവനെ കണ്ടില്ല. ഇത്തിരിക്കുഞ്ഞന്റെ അമ്മയും അച്ചനും പരക്കം പാഞ്ഞു. രണ്ടുപേരും ആ പെരുമഴയത്ത് മുറ്റത്തിറങ്ങി ഉറക്കെ വിളിച്ചു. മോനേ ... ഇത്തിരി കുഞ്ഞാ..ഇത്തിരി കുഞ്ഞാ........ എന്താ? ഒരു കൊച്ചുകിണ്ണത്തിൽ ഒരു ചെറിയ കല്ലുകൊണ്ട് മുട്ടിയാലുണ്ടാകുന്ന ശബ്ദം എവിടെ നിന്നാണ്? അവന്റെ അച്ഛനമ്മമാർ ചെവിയോർത്ത് നിന്നു. ഇത്തിരികുഞ്ഞാ ഞാനിവിടെയുണ്ട് വടക്കേ മുറ്റത്ത് ജനാലയുടെ ചോട്ടില്, അവർ അങ്ങോട്ടോടി അച്ഛനും അമ്മയും പരിഭ്രമിക്കേണ്ട കാറ്റത്ത് പറന്ന് പോകാതിരിക്കാൻ ഞാൻ നമ്മുടെ വേപ്പിൻ തയ്യിനെ കെട്ടിപിടിച്ചിരിക്കാണ്. അവർ വേപ്പിൻ തൈയിന്റെ സമീപത്തേക്ക് ഓടി. അവനെ വാരിയെടുത്തു. പാവം, തണുത്തുവിറയ്ക്കുന്നുണ്ടായിരുന്നു. തിരിച്ച് മുറിയിലെത്തിഇത്തിരിക്കുഞ്ഞനെ കിടത്തി. തലയും ഉടലും തുടച്ചു. അവൻ പറഞ്ഞു. ആ ജനവാതിൽ അടച്ചോളൂ അമ്മേ. പിന്നെ ഒരു ദിവസം അയൽവക്കത്തെ കുഞ്ചിയമ്മ കാരണം ഇത്തിരിക്കുഞ്ഞന്ഒരു അപകടം പറ്റി. കുഞ്ചിയമ്മ ധാരാളം തമാശപറഞ്ഞ് ചിരിക്കും. ഒരു ദിവസം, തിണ്ണയില് അവനും കുഞ്ചിയമ്മയും തമാശപറഞ്ഞ് ഇരിക്കുകയായിരുന്നു. കുഞ്ചിയമ്മ ഉറക്കെ പൊട്ടിച്ചിരിച്ചു. അവിടെ ഇരുന്ന ഇത്തിരിക്കുഞ്ഞൻ മറിഞ്ഞുവീണു. ആ ചിരിയുടെ ശക്തിയിൽ അവന്റെ കൈയും കഴുത്തും ഉളുക്കി. അതിൽ പിന്നെ അവൻ കുഞ്ചിയമ്മയുടെ മുന്നിൽ ഇരിക്കാറുമില്ല നിൽക്കാറുമില്ല.

Angel Maria K.S

## ചിത്രങ്ങൾ








# MOTHER'S LOVE

*There are time' when only a mother's love*
*Can understand our tears*
*Can soothe our disappointments*
*And calm all of our fears*
*There are time's when only a mother's love*
*Can share the joy feel*
*When something we've dreamed about*
*Quite suddenly is real*
*There are time's when only a mother's faith*
*Can help us one life's way*
*And instill in us the confidence*
*We need from day to day*
*For a mother's heart and a mother's faith*
*And mother's stead fast love*
*Were fashioned by the angels*
*And sent from God about*

by

*Aleena Thankachan*

## ചോദ്യോത്തരങ്ങൾ



1. കേരളത്തിലെ ആദിവാസി പഞ്ചായത്ത് ഏത്?
   ഇടമലക്കുടി
2. ഒരു തവണ ഒരാൾക്ക് ദാനം ചെയ്യാവുന്ന രക്തത്തിൻെറ അളവ്?
   300 മില്ലി
3. സത്യസായി ബാബയുടെസമാധിദിനം?
   2011 ഏപ്രിൽ 24
4. പാലുൽപ്പാദിപ്പിക്കുന്ന പക്ഷി?
   പ്രാവ്
5. മെൻ കാംഫ് ആരുടെ ആത്മ കഥയാണ്?
   ഹിറ്റ് ലറുടെ
6. ഏറ്റവും വലിയ കണ്ണുള്ള ജിവി?
   കുതിര
7. ഇന്ത്യൻ പീനൽകോഡിന്റെ ശിൽപി
   മെക്കാളെ പ്രഭ
8. ഏറ്റവും കൂടുതൽ ഗോതമ്പ് ഉൽപാദിക്കുന്ന രാജ്യം?
   ചൈന
9. കേരളത്തിൽ ഏറ്റവും കൂടുതൽ താലൂക്ക് ഉള്ള ജില്ല?
   *എറണാകുളം*

*അഖിൽ ദാമോദരൻ*

## ടെലിവിഷൻ

ആധുനിക കാലഘട്ടത്തിൽ ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്നാണ് ടെലിവിഷൻ അകലെ നടക്കുന്ന കാര്യങ്ങൾപോലും കാണാനും കേൾക്കാനും സഹായിക്കുന്ന ഒരു ഇലക്ട്രോണിക് ഉപകരണമാണത്. അത് ജനങ്ങളെ കൂടുതൽ അടുപ്പിക്കുകയും ലോകത്തിന്റെ അതിർത്തികളെ ചെറുതാക്കുകയും ചെയ്യു.

ടെലിവിഷൻ മൂന്ന് പ്രധാന കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നു . വിനോദം , വിജ്ഞാനം , വിവരം എന്നിവ നൽകുന്നു. ദൈനംദിനവാർത്തകൾ ചുറ്റും എന്ത്നടക്കുന്നു എന്ന അറിവ് നൽകുന്നു. ഡോക്യുമെന്ററികളും ചർച്ചകളും വിവരവും നൽകുന്നു. സ്പോർട്സ് , ഡാൻസ് , സംഗീതം എന്നിവ വിനോദം പകരുന്നു

***ആര്യ അനീഷ്***

## ചിത്രങ്ങൾ



## ആത്മനിയന്ത്രണമില്ലാത്ത ആമ



പണ്ട് ഒരു തടാകത്തിൽ ഒരു ആമ പാർത്തിരുന്നു . ഒരു വേനൽക്കാലം വന്നപ്പോൾ തടാകം വറ്റിവരളാൻ തുടങ്ങി. അതിലെ മീനുകളെല്ലാം ചത്തു തുടങ്ങി . ആമയും ആഹാരം കിട്ടാതെ മരിക്കുമെന്ന സ്ഥിതിയിലായി.

തടാകത്തിനടുത്ത് രണ്ട് കൊക്കുകൾ താമസിച്ചിരുന്നു . അവർക്ക് ആമയെ രക്ഷിക്കണമെന്ന്തോന്നി . അവർ ആമയെ ധാരാളം വെള്ളമുള്ള മറ്റൊരു തടാകത്തിലെക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞു. വേഗത്തിൽ നടക്കാനറിയാത്ത ആമയെ എങ്ങനെ കൊണ്ടുപോകും?

കൊക്കുകൾ ഒരു നീളമുള്ള കമ്പ് കൊണ്ടുവന്നിട്ട് ആമയോട് അതിൽ കടിച്ച് പിടിക്കാൻ പറഞ്ഞു . ആമ കമ്പിൽ കടിച്ച് പിടിച്ചു.

ഞങ്ങൾ പറയാതെ വായ ഇനി തുറക്കരുത് എന്ന് പറഞ്ഞു കൊണ്ട് കൊക്കുകൾ കമ്പിന്റെ രണ്ടു വശത്തും കടിച്ചുപിടിച്ച് പറന്നുയർന്നു. വഴിക്ക് ആമ ഒരു മൈതാനം കണ്ടു . അവിടെ കളിച്ചിരുന്ന കുട്ടികൾ ആമയെ കൊക്കുകൾ കൊണ്ടുപോകുന്നത് കണ്ട് ആർത്തുവിളിച്ച് അപ്പോൾ ആമയ്ക്ക് അവരെ ശകാരിക്കണം എന്നു തോന്നി . അതിനായി വായ തുറന്നു . അവന്റെ പിടിത്തം വിട്ടുപോയി .

ആമ താഴേയ്ക്കു വീണു.

*ആത്മനിയന്ത്രണമില്ലാതിരുന്നാൽ നാം ആമയെപോലെ*
***അപകടങ്ങളിൽ അകപ്പെടും.***

*നന്ദന കെ.എം*

## ***കുഞ്ഞിപ്പൂച്ച***

***കൊച്ചു പൂച്ചക്കുഞ്ഞിനൊരു***
***കൊച്ചുമളി പറ്റി***
***കാച്ചിവെച്ച ചൂട്പാലിൽ***
***ഓടിച്ചെന്ന് നക്കി***
***കുഞ്ഞു നാവു പൊള്ളിയപ്പോൾ***
***കുഞ്ഞുപൂച്ച കേണു***
***മ്യാവൂ .....മ്യാവൂ .....മ്യാവൂ .....***

## എണ്ണത്തിൽ അല്ല കാര്യം

പണ്ട് ഒരിക്കൽ ഒരു കാട്ടിൽ കണക്കെടുപ്പ് നടക്കുകയായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ എന്നറിയുകയായിരുന്നു ലക്ഷ്യം ഓരോരുത്തർക്കും ഉള്ള കുട്ടികളുടെ എണ്ണം കണക്കെടുപ്പുകാർ രേഖപ്പെടുത്തി . പലർക്കും വലിയ കുടുംബങ്ങളാണ് . പത്തും പതിനഞ്ചും ഇരുപതും ഒക്കെയാണ് .

ചിലർക്കൊക്കെ ഒരു വിട്ടിൽ തന്നെ നിരവധി കുട്ടികൾ ഉണ്ടായിരുന്നു . അവസാനം കണക്കെടുപ്പസമയം

ഒരു സിംഹത്തിന്റെ അടുത്തെത്തി . തീരുമേനി അവിടുത്തേക്ക്
എത്ര കുട്ടികൾ ഉണ്ട് ?

ഒന്ന് . സിംഹം മറുപടി പറഞ്ഞു. എന്ത് ,ഒരെണ്ണം മാത്രമോ ?
വിശ്വസിക്കാൻ വയ്യ

അതെ ,സിംഹം ഗൗരവത്തിൽ പറഞ്ഞു

പക്ഷെ , അതൊരു സിംഹമാണ്...... കണക്കെടുപ്പുകാർ പിന്നെ ഒന്നും മിണ്ടിയില്ല.

(എണ്ണത്തിൽ അല്ല കാര്യം ഗുണത്തിലാണ് )

**നന്ദന കെ. എം**

## പ്രധാന നൃത്തരൂപങ്ങൾ



കൂടിയാട്ടം
ഭരതനാട്യം
ഒഡീസി
കുച്ചിപ്പുടി
കഥക്
മോഹിനിയാട്ടം
കഥകളി
യക്ഷഗാനം
മണിപ്പൂരി
സത്രിയ




# ക്വിസ് കോർണർ



1. പാലൂട്ടുന്ന പക്ഷി?
   പ്രാവ്
2. പുതിയതായി നിലവിൽ വന്ന  വനിതാ ഹെൽപ്പ് ലൈൻ നമ്പർ?
   1091
3. ഐ-ലീഗ് ഫുട്ബോൾ 2014  ചാമ്പ്യന്മാർ?
   ബാംഗ്ലൂർ ടീം
4. കരയിലെ ഏറ്റവുംവലിയ ജീവി?
   ആന
5. ലോകത്തിലെ ഏറ്റവും വലിയ വൻകര?
   ഏഷ്യ
6. ലോക ബഹിരാകാശ ദിനം?
   ഒക്ടോബർ 4-10
7. ഇന്ത്യയിലെ ഏറ്റവും വലിയ നദി?
   ഗംഗ
8. ലോകത്തിലെ  ഏറ്റവും വലിയ നീളം കൂടിയ നദി?
   നൈൽ
9. തേനീച്ചക്കൂട്ടിൽ മുട്ടഇടുന്ന പക്ഷി?
   പൊൻമാൻ
10. വടക്കേ ഇന്ത്യയുടെ ദേശിയ  നൃത്തം?
    കഥക്
11. സിഗരറ്റ്  ലാമ്പുകളുടെ ഇന്ധനം?
    ബ്യൂട്ടെയൻ
12. കേരളത്തിലെ  ആദ്യ വനിത  പോലീസ്  സെറ്റഷൻ?
    കോഴിക്കോട്
13. ഇന്ത്യയിലെ  ഏറ്റവും  വലിയ പാലം  ?
    ചംബൻ
14. കേരളത്തിലെ ആദിവാസി പഞ്ചായത്ത്
    ഇടമലക്കുടി

***Abhinav Soman***

# ചിത്രങ്ങൾ



## കുട്ടികുറുമ്പൻ

*ഒരിടത്ത് ഒരു കുസൃതിക്കാരനായ ഒരു കുട്ടിയുണ്ടായിരുന്നു അവനെ എല്ലാവരും കുട്ടിക്കുറുമ്പൻ എന്നാണ് വിളിക്കുന്നത് .ആ ഗ്രാമത്തിൽ അവനായിരുന്നു ഏറ്റവും കുറുമ്പൻ.ഒരിക്കൽ അവന്റെ വീട്ടിലെ പശുവിനെ അവന്റെ അമ്മ കറക്കുന്നതു കണ്ട അവനു കറക്കാൻ ആഗ്രഹമായി .ആരും കാണാതെ പശുവിന്റെ അടുത്ത് ചെന്ന് അവൻ നിന്നു .പശുവിന് ദേഷ്യം വന്നു . അവനെ പശു ചവിട്ടി. അവൻനിലത്തു വീണു. അത് അവന് ഒരു ഗുണപാഠമായിരുന്നു.*

*"അത്യാഗ്രഹം ആപത്ത്"*
*ഇത് ഒരു ഗുണപാഠമായിരിക്കണം*

*Jeethu .S*



### മഴ

നീല നിറമായി തുള്ളി ചാടുന്ന മഴ
ഇടിമിന്നലിൻ ഗർജ്ജനത്തോടെ വരുന്നീ മഴ.
ഇതാണ് സ്വപ്നലോകത്തെ പെരുമഴ
ജീവഭംഗിതൻ സ്നേഹം മണിമഴ
മണിമുത്തുപോലീ മഴ-എൻ
സ്നേഹത്തിൻ തുള്ളിയായി പെയ്യുന്നീ മഴ
തകരാത്ത ജീവിതാനുഭവങ്ങളിലൂടെ ഒഴുകുന്നീ മഴ
തോരാതെ പെയ്യുന്ന ജീവിതാനുഭവങ്ങൾ
പറിച്ചെടുക്കുന്നീ മഴ...
മഴയും ഇടിമിന്നലും ഭയമുണ്ടാക്കുന്നു
ഈ ജീവിതത്തിന് ........

റിജിൻ ജെയിംസ്

## കരടി പറഞ്ഞ സ്വകാര്യം



ഒരിക്കൽ ഒരു നായാട്ടുകാരൻ നായാട്ടിനു പോകുകയായിരുന്നു . അയാൾ തന്റെ സുഹൃത്തിനേയും കൂടെകൊണ്ടുപോയി . കാട്ടിൽ കുറേ വഴി ചെന്നപ്പോൾ ഒരു കരടി അവരുടെ നേരെ വന്നു . ഉടനെ അമ്പും വില്ലും താഴെയിട്ട് നായാട്ടുക്കാരൻ അടുത്തു കണ്ട മരത്തിൽ പിടിച്ചു കയറി രക്ഷപ്പെട്ടു.

നായാട്ടുകാരന്റെ സുഹൃത്ത് പേടിച്ചുവെങ്കിലും അയാൾ താഴെ കമഴ്ന്ന് കിടന്നു . കരടി അയാളുടെ അടുത്തെത്തി . അപ്പോഴും അയാൾ അനങ്ങിയില്ല . ശ്വാസം അടക്കിപ്പിടിച്ച് കിടന്നു . കരടി അയാളുടെ അടുത്തുച്ചെന്ന് മണത്തുനോക്കി . അയാൾക്ക് ജീവനില്ലെന്ന് കരുതി അയാളെ ഒന്നുംചെയ്യാതെ കരടി അതിന്റെ വഴിക്കുപോയി .

അൽപ്പം കഴിഞ്ഞപ്പോൾ നായാട്ടുകാരൻ മരത്തിൽ നിന്ന് താഴെയിറങ്ങി . എന്താണ് കരടി നിന്നോട് സ്വകാര്യമായി പറഞ്ഞത് ?" താഴെ കമഴ്ന്ന് കിടക്കുന്ന സുഹൃത്തിനോട് നായാട്ടുകാരൻ ചോദിച്ചു . "സ്വന്തം രക്ഷമാത്രം നോക്കുന്ന സുഹൃത്തുക്കളെ ഉപേക്ഷിക്കണമെന്ന് ". സുഹൃത്തിന്റെ ആ വാക്ക് കേട്ട് നായാട്ടുകാരൻ ലജ്ജിച്ചു.

by
*Jomol Joy*

## തോരാത്ത മഴ



മഴ മുത്തുപോൽ ചിതറി
മന്നിൽ നിന്നു ഭൂമിയിലേക്ക്
ഭൂമിയിൽ നിന്ന് സ്നേഹലോകത്തേക്ക്
മഴപെയ്യുമ്പോൾ വേനൽക്കാലമാകാൻ
വേനലാകുമ്പോൾ മഴപെയ്യാൻ
എന്തിനീ ലോകം ഭയക്കുന്നു ജീവിതയാത്ര
എത്ര മനോഹരമാണ് കാണാൻ പ്രളയം
വന്നു കൊട്ടുംകാറ്റടിച്ചു മഴപെയ്തു എന്നിട്ടും
ഈ ലോകം മുന്നേറി മഴ നമ്മെ സ്നേഹിച്ചു
കാറ്റ് നമ്മെ പ്രണയിക്കുന്നു
മരങ്ങൾ നമ്മെ ജീവിപ്പിക്കുന്നു
എന്നിട്ടും നാം പ്രാണവായുവിന്
വേണ്ടി തിരയുന്നു...........

*Preethy Simon*



# LONELINESS

*Loneliness*
*Awakens ' me ' within 'me'*
*It covers me like a blanket*
*Lending the warmth of freedom*
*I can decide my 'dos' and 'don'ts'*
*I am the mistress of my world*
*It renders me the key*
*To operate my time and space*
*Loneliness creates kinship*
*Between me and the revolving far above*
*Between me and my four walls,*
*Closed doors and the air within*
*I become part of the being around*
*Animate or inanimate.........*
*I love my loneliness*
*In the dead of the night ,*
*I stretch myself on my bed ,*
*I can see my yard enveloped in dark*
*My closed gate , my vast stretching trees*
*We are all part of the darkness ........*
*Together we share the dreamy glaze of the moon,*
*The cool comfort of darkness .*
*The flowers that blossom with ,*
*The leaves that curl up in fragrance.*
*All commence and share with me*
*The loveliness of the night*
*And the glory of the day.*

*Aswani Santhosh*



# മഴവില്ല്



*ഏഴുനിറങ്ങളാൽ നെയ്തപുടവചുറ്റി*
*ആ നീലാകാശത്ത് നില്പ്പത് കാണാനെന്ത്ചേലാ*
*മഴയ്ക്ക് മുൻപേ നീ എത്തുന്നത് കാണാൻ*
*ഒത്തിരിദൂരം ഞാൻ ഓടിയെത്തും*
*മാനത്ത് എത്തും മഴവില്ലെ നിന്നെ*
*കാണാൻ എന്തൊരു ചന്തമാണ്*
*മാനത്ത് വിരിയുന്ന നിൻ ഏഴുനിറങ്ങളും*
*കാണുമ്പോൾ മയിലമ്മ പെണ്ണിനാട്ടം*
*നാണിച്ചുനാണിച്ചു നൃത്തമാടുമ്പോൾ*
*മയിലമ്മപെണ്ണിനെന്തൊരു ചന്തം,*
*നിൻമേനിതന്നിലെ ഏഴുനിറങ്ങളും*
*ഒരായിരം നിറങ്ങളായി പൂത്തിടുമ്പോൾ*
*ആഹാ എന്തൊരു ചേലായിരിക്കും.*

*ബിബിൻ രജേഷ്*



# ലഡു

ലഡു .... ലഡു....ലഡു....
മധുരമുള്ള ലഡു
മുന്തിരിയുള്ള ലഡു
പഞ്ചസാര ചേർത്ത ലഡു
ലഡു ലഡു മധുരമുള്ള ലഡു
ലഡു.... ലഡു.... ലഡു...

Arya Aneesh

## കുറുമ്പുകൾ



ഇരു മലകൾക്കിടയിൽ നിന്നുദിക്കും
സൂര്യനാണല്ലോ
പുഞ്ചിരിതൂകി കൊഞ്ചി കൊഞ്ചി വിരിയും
പൂക്കാളാണല്ലോ
തേൻ കുടിക്കാൻ പൂവിനോട് കൂട്ട്
പൂമ്പാറ്റകളാണല്ലോ
ഇവയെല്ലാം പ്രകൃതിയിലെ
പ്രഭാതകുറുമ്പുകളാണല്ലോ

സെബിൻ സന്തോഷ്

## നവ കേരളം



കേരളം ഒത്തുചേരുന്നിതാ (2)
കൈകൾ കോർത്തു നാം
ഒന്നായി നടന്നിതാ
കേരളസൃഷ്ടിക്കായി നാം

നാം ഒത്തുചേരുന്നിതാ (2)
കേരള സൃഷ്ടിക്കായ് നാം
നവകേരള സൃഷ്ടിക്കായ് നാം
ഒത്തുചേർന്ന നമ്മുടെ കൈകൾ

കോർത്തു നവകേരള സൃഷ്ടിക്കായി
പുഴകൾ മലിനീകരണത്തിൽ നിന്നും
ആ സമ്പത്തിനെ സംരക്ഷിക്കാം
മരങ്ങൾ നട്ടുവളർത്താം നാടിനു
നന്മകൾ ചെയ്യാം (കേരളം)

Isteena P Issac

## മഴ



മഴ  എന്റെ മഴ നല്ല മഴ
കോരിച്ചൊരിയും മഴ
എൻ പ്രിയ മഴ
മഴ  എന്റെ  നല്ല  മഴ
ഒരു തുള്ളി  കോരിച്ചൊരിയും മഴ
കുഞ്ഞു  മണിമുത്തുപോലുള്ള  മഴ

Christopher Baby

# Cyclonic circulation

*Law pressure*
*Depression*
*Deep depress*
*Deepession*
*Cyclonic Storm*
*Severe cyclonic storm*
*Clonic storm*
*Super cyclone*
*Dust storm*
*Depression*
*Down scaling*
*Depression*
*Drought*
*Eye of a cyclone*
*Eye wall cyclone*
*Foehn*
*Funnel cloud*
*Glacier*
*Green houes of*
*Glof*
*Hail*
*Indian ocean di*

*nandana k.m*


By MILAN
MANOJ



## എന്റെ ഗ്രാമം

ഹരിതകകാന്തി പകർന്നീടുന്നൊരാ
ഹൃദ്യമാം പ്രകൃതിയാണെന്റെ ഗ്രാമം
അരുവിയും പുഴകളും ചേർന്നൊരാരാത്രി
കുളിർമയേകീടുന്ന ചരാചരങ്ങൾക്കും
ഉഷസ്സിൽകിരണങ്ങളേറ്റൊരാ-
നെൽക്കതിർ ആമോദത്തോടെ
കുണങ്ങിനിന്നീടുന്ന
പാതവക്കിലൂടുള്ളൊരാ ആൽമരം
ഹസ്തങ്ങളാട്ടി മാടിവിളിക്കുന്ന
കുഞ്ഞുങ്ങളെന്നും കുത്താടിയിരുന്നൊരാ-
താമരപൊയ്കയും ആമ്പൽക്കുളങ്ങളും
വാനിൽ പറന്നീടുന്നൊരാ വിരഹങ്ങൾ
മൃത്യുവാമസ്ത്രത്തിൽ വാരണമില്ലാതെ
നിശതൻ ജോത്സനയിൽ തിളങ്ങി-
നിന്നീടുന്നൊരാ ഇന്ദുവിൻ വദനവും
നാനാമതങ്ങളും വസിച്ചീടുന്നൊരാ-
നാരകമായീടുന്ന എന്റെ ഗ്രാമം.

Jeethu S

## അമ്പിളി അമ്മാവൻ



*എന്റെ കുഞ്ഞു അമ്പിളി അമ്മാവൻ*
*താഴെ വരുമോ എന്റെ കൂടെ*
*ആടിയു പാടിയും ഇന്ന് എന്റെ വിട്ടിൽ*
*കടന്നു വരുമോ.....*
*നിന്നെ കാണാൻ എന്തു ചന്തം*
*ഏങ്ങനെയാണ് നി തെളിഞ്ഞു നിൽക്കുന്നത്*
*നീഎന്റെ കൂട്ടുകാരിയായി*
***അരിക്കത്തു വരുമോ***

***Nandana k. M***

## STILL FOR TREASURE

We started our sail in our own ship
Across blue and black faces of the sea
It moved by spitting its face temporarily
And reunited as it went by
We were five with the strength of fifty
We were one in any difficulty
We are the one who first started this sail
Believe no one can cross this again
Treasure is far but courage is ours
To reach the destiny without any tear
weather was against as tempest went
Showed its cruel face us if not a favour
Which came as a comitatus of unfortune
Night was the black hands of it
At last we got the flag of victory
Yes, we were good and safe
Now it was fair in sail
Reached our destiny
Searched far treasure everywhere
Realized it was late but never know we or luck……..

*Aleena Thankachan*

## മുത്തശ്ശി

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ആ മുത്തശ്ശിക്ക് ഒരു മകനും മകളും ഉണ്ടായിരുന്നു. മുത്തശ്ശിയുടെ മകനും മകളും മുത്തശ്ശിയെപിരിഞ്ഞാണ് ജീവിച്ചിരുന്നത്. അത് മുത്തശ്ശിക്ക് വലിയ വിഷമവുമാണ്.മുത്തശ്ശിക്ക് മക്കളെ പിരിഞ്ഞത് മറക്കാൻ ആകാത്ത വിഷമമായിരുന്നു.

ഇപ്പോൾ എല്ലാ വീടുകളുടെയും അവസഥ ഇതുപോലെയാണ്. മക്കൾ ഒരുവിധം വളർന്നാൽ പിന്നെ അവുരുടെ ഭരണമാണ്. അവർക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യം കിട്ടിയാൽ പിന്നെ മാതാപിതാക്കളെ ഒരു ഭാരമായികാണും. പിന്നെ അനാഥമന്ദിരമായി. നമ്മുടെ ചുറ്റും നടക്കുന്ന കാര്യമാണിത് ഇത് ഇനി നടക്കാതെ നോക്കാം.


By Jomol

## സ്നേഹജ്വാല



കനിവെഴും കൃപ നൽകി കാരുണ്യ
തണലേകി പാപത്തിൻ കറനീക്കി
എന്നെ മാറോട് ചേർത്ത
എന്റെ പ്രിയ ദൈവമേ
പാരിൽ സ്നേഹത്തിന്റെ മുത്തുകൾ പൊഴിച്ച മാലോകർക്ക്
രക്ഷ നല്കിയ യേശുവേ
ത്യാഗത്തിൻ പൂർണതയിൽ
നിൽക്കുന്ന അവിടുത്തെ കൃപ
എത്രയോ ശ്രേഷ്ഠം
ഞാനോ വ്യർത്ഥനായ് ഈ ഭുവിൽഅലഞ്ഞു നടന്നിടുന്ന
നന്മതൻ നേർരൂപങ്ങൾഞാനിനിയും
കണ്ടില്ല അപ്പോഴും അവിടുന്നെന്റെ
കൂടെയുണ്ടായിരുന്നു. താങ്ങായും തണലായും
ഈ ലോകം മിഥ്യയാണ്
അവിടുന്നു മാത്രമാണ് എന്റെ ആശ്രയം
ഇനിയും അങ്ങേക്കായി വിളിയും കാത്ത്-
ഞാനീഭുവിൽ അലഞ്ഞു നടക്കുകയാണിന്നും.

Miranda Thomas



# TO ALL MY FRIENDS

*First we were strangers*
*Sitting on the same bench*
*Talking in different ranges*
*During the breaks for lunch*
*Then, we helped each other*
*In little problems*
*By helping, caring and enjoying*
*And weeping sometimes;*
*We really had enjoyed*
*All our free time*
*This is explicable;'*
*''who come as our friends''*
*It is really unpredictable*
*Not according to trends*
*Even though bidding fare well*
*We can recall verv well ever*
*Moment of friendship making*
*Sorry for somting and thankfull*
*For evryhing*
*So good bay good bay*
*''May you reach very higt*
*All the very best friends''*



*Jeethu S*



## ചിന്തിക്കാൻ ഒരുപാടുള്ള ഒരു കൊച്ചുകഥ

ഹലോ ഡോക്ടറല്ലേ

അതെ ആരാ

എന്നെ മനസിലായില്ലേ

ഞാൻ സെബാസ്റ്റ്യനാണ്

സെബാസ്റ്റ്യനോ
മനസലായില്ല

സാർ കഴിഞ്ഞ ദിവസം അമ്മയെ
കൊണ്ടു വന്നാക്കിയില്ലേ .ആ
വൃദ്ധസദനത്തിലെ വാർഡനാണ്

ഓ മനസ്സിലായി ....മനസ്സിലായി
എന്താ കാര്യം

താങ്കളുടെ വീട്ടിലെ പട്ടി
ഇവിടെയുണ്ട്.അമ്മയുടെ
അടുത്ത്....വന്നുകൊണ്ടു
പൊയ്ക്കോളൂ

ഓഹോ അവനവിടെയെത്തിയോ
നാലഞ്ച് ദിവസമായി അവനെ
കാണാതായിട്ട്. വീട്ടിലെല്ലാരും
വലിയ വിഷമത്തിലായിരുന്നു.
പത്രത്തിലും പരസ്യം കൊടുത്തിരുന്നു.
എന്തായാലും കിട്ടിയല്ലോ താങ്ക്യൂ
സെബാസ്റ്റ്യൻ . ഞാൻ ഇന്നുതന്നെ
വന്ന് കൊണ്ടു പൊയ്ക്കോളാം

സുജിത്ത് സജി

# The value of discipline



*"Theirs not to make reply*
*Theirs not to reason why*
*Theirs not to do and die "*

*These famous lines by lord Alfred tennyson emphasize the piace of discipline in the army . It is that obvious that no army can function and no dattle can be fought successfully if every soldier wants to know the reason behind his superior's ordeers or if he argues with him about the necessity of his order .*

*Discipline is necessary not only in the army but also in every malk of life, in every activity . In order to understand why discipline is necessary, we must first understand what discipline is .*

*For any work that is to be done, an individual has to have before him some goal, some purpose. One may or may not be conscious of this goal or purpose. This goal can be achieved, if the work is done in the most efficient way, with complete concentration. One has to devote all the available time, energy and other resource to the activity. For this , the doer must observe certain rules. Strict observation of necessary rule for any work or activity is called discipline.*

*Since adults are supposed to have self control and maturity, they observe the necessary rule of work of activity. But children are not in a position to understand the necessity of observing certain rules or even if they do understand, they may be immediate or unimportant. So discipline has to be included in them. Childern must accept the authority of their parents and teachers obey their orders or instructions*

*Disciplie needs a great deal of self control. It never restricts or reduces one's freedom. On the contrary, it makes freedom all the more meaningful. Discipline makes it possible for the individual in better way, to achieve and desired result. It makes all differences between success and failure, progress and stagnation.*

*Discipline is the very foundation on which success in any activity or work is based.*

*The great writer edmund spencer has said "A stern discipline pervades all nature,which is a little cruel that it may be very kind".*

Jeethu S

## അകലുന്ന കാഴ്ചകൾ




ഓ എന്തു സംഭവിക്കും എന്ന് വിചാരിച്ച് ഞാൻ നിൽക്കണം. വെടിപൊട്ടിക്കുന്ന ശബ്ദംപോലെ പ്രചാരണറാലികൾ, ദാരിദ്ര്യനിർമ്മാർജന, സാമൂഹികഐക്യം, അങ്ങനെ വാഗ്ദാനങ്ങൾ ഏറെ.

തന്റെ താല്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന പലതരം വ്യക്തികൾ. വീട്ടിലേക്കുള്ള ബസിന്റെ കാഴ്ചയിൽ ഒരു നെടുവീർപ്പോടെ അവരുടെ ദൈന്യതയെ ഏകാകിയാക്കി തല്പര വ്യക്തികൾ അവരുടെ ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോന്നിനായി മാറ്റിവയ്ക്കപ്പെടുകയാണ്. പലതും നാം അറിയുന്ന, അനുഭവിക്കുന്ന, സംഭവിക്കുന്നു. ആ കാഴ്ച എന്നിൽ പതിഞ്ഞു. ഒരു സ്ത്രീയും കുട്ടിയും ആധുനിക പാതയിൽ നിലനിൽക്കുന്ന ഒരു തട്ടുകടയ്ക്ക് മുൻപിൽ ഭക്ഷണത്തിനുവേണ്ടി യാചിക്കുകയാണ്. മറ്റുള്ളവർ എന്തു വിചാരിക്കും എന്ന് ഓർത്ത് ഞാനും അവരുടെ കൂടെപ്പോയി. ആ അമ്മയും കുഞ്ഞും അവരുടെ വഴികളിലൂടെ അകലേക്ക് സഞ്ചരിക്കുന്നു. അവസാനം ആ തട്ടുകടക്കാരൻ മാത്രം അവശേഷിക്കുന്നു. കാരണം ഇനിയും ഭക്ഷണപൊതികൾ സമ്മാനിക്കാൻ അദ്ദേഹം ബാധ്യസ്ഥനാണ്.

കാഴ്ചകൾ അസ്തമിക്കുന്നില്ല. ആ യാത്രകൾക്ക് ഇടയിലൂടെ എന്റെ കാഴ്ചകൾ അകന്നു മാറുകയായിരുന്നു. ദൂരേക്ക്.....

അഡോൺ സജി




# The Scholarship Jacket

***The small Texas School That I went to had a tradition carried out every year darind the eighthgrade gruduation a beautiful gold and green jacket was awarded to the class valedictorian the student who hadmaint ained the highest jrades for eight gears the scholarship jiackethad a big goid s on the ieft front a big gold 's' on the left front side and your name written in goid letters on the pocket . My oldest sister , rosie had won the jacket a few years back and in fully expected to also l was fourteen and in the eighth grade . In been a straight a student since the first grade and this last year had looked forward.***

***Revathi Kumar***

# A DOLF

*When we wete children our father often worked on the night shift one sunny morning we were all sitting at the table when we heard father's heavy slyrring walk up the entry . He loved his long walk through the dewy fields in the first daybreak after his night shiftat the pit we became uneasy his was always a disturbing presence trammeling directly be came into the kitchen give me a drink he said .*

*My mother hastily poured out his tea he went to pour it out into the saacer But in stead of drinking , he suddenly put something on the table, among the tea-cups a tiny brownn*

Revathi Kumar




*പിൻനിലാവ് വാനലിഭിയിൽ*
*സ്നേഹമെഴുതിയ കവിതകൾ*
*മിഴികളാലതു കരളിലെഴുതി*
*നീ അഴകെ......................(2)*

*സ്നേഹമായതിൻ മധുരമായ്*
*നി നെഞ്ചിലെ ചെറു ചിരിയുമായ്*
*നി അകലെയിന്നൊരു പൂ*
*നിലാവഴകേ..................*

*സ്നേഹമായ് നി എൻ നെഞ്ചിൽ*
*പാൽത്തണലായ് നിന്റെ തേൻ*
*മഴയിൽ കുളിരരുവിയായി ഞാൻ*
*നെഞ്ചിലെ നിൻ നെഞ്ചിലെ*

*പൊൻ ആമ്പലായി ഞാൻ*
*കാണുവാൻ ഒന്നു കാണുവാൻ*
*കൊതിയോടെ ഈ വഴികാത്തു നിന്നഴകെ...........*

*Jomol joy*




## ക്വിസ് കോർണർ

1. ഏലം ഉൽപാദത്തിൽ മുന്നിൽ നിൽക്കുന്ന  സംസ്ഥാനം ?

   കേരളം
2. തേനീച്ചക്കൂട്ടിൽ മുട്ടയിടുന്ന പക്ഷി ?
   പൊൻമാൻ
3. ചുവന്ന വിയർപ്പുകണങ്ങളുള്ള ജീവി?
   ഹിപ്പോപൊട്ടാമസ്
4. ഇന്ത്യയിൽ ജയിലുകളില്ലാത്ത ഏക സംസ്ഥാനം ?
   അരുണാജൽ പ്രദേശ്

5. ഏറ്റവും ഭാരം കുറഞ്ഞ മൂലകം ഏത്?
   ഹൈഡ്രജൻ
6. ആദ്യ ലോക്സഭാ സ്പീക്കർ ആര്?
   ജി.വി. മാവ് ലങ്കാർ
7. കാൽവിരലിൽവച്ച് മുട്ടവിരിയിക്കുന്ന പക്ഷി
   പെൻഗ്വിൻ
8. ബുദ്ധമതത്തിന്റെ വിശുദ്ധ ഗ്രന്ഥം ഏത്?
   ത്രിപീടിക
9. റബറിന്റെ ജന്മദേശം ഏത്?
   ബ്രസീൽ
10. അടിമവംശസ്ഥാപകൻ ആര്?
    കുത്ബുദ്ദീൻ ഐബക്ക്

## കേരളം



പിറന്ന മണ്ണിൽ
ഞാൻ സന്തോഷം നിറയുന്ന
ലോക ദീപം തെളിഞ്ഞ് മണ്ണിൽ
കേരളംഓണം വന്ന് നിറയുന്ന രവിലെ
പൂവ  മൊട്ടുകൾ നിറയുന്ന
പച്ചപ്പിൻ സൗന്ദര്യം കണ്ടന്ന
പച്ചമരങ്ങൾ കാറ്റിൽ അടുന്ന
മഴത്തുള്ളികൾ വിഴുന്ന പ്രകൃതിയിൽ
നിശയും വരുന്ന ഭൂമിയിൽ

Alby Sunny

# THE STREAM



In a village there was a beautiful stream that flows through the village. There was a school student her name was Delna. She was a brilliant student. After some year there started a big factory on that village. The factory dumped waste on the clear water of the stream. Stream became polluted by the waste and chemicals. The fishes died while the water is polluted. One day Delna  saw the polluted stream. She became very sad. She shared this issue with her mother. Her mother give her an idea to share this matter to the head of the village. The officer said: We can gather a meeting to discuss this matter. All the villagers gather on the office. They take a decision  to protect the stream and clean it. They made banners and posters for protest against the factory. They made a decision between the owner of the factory to maintain the stream clean. The factory authority will help to clean the stream. So the villager decision  not to pollute the stream

*RONY VARGHESE RAJU*

# പ്രണയം



എൻ മനസ്സിലെ താമര-
പോലെ നിൻ ചിരി
എന്നിൽ വിടരുന്ന പൂക്കൾ
പോലെയെൻ പ്രിയേ
എൻ ഹൃദയത്തിൽ
വന്നൊരു മാലാഖയാണ്-
നീ, എൻ ഹൃദയത്തിൽ സ്നേഹ-
വിത്തുകൾ വിതച്ച മാലാഖ നീ
എൻ പ്രിയ മാനസി നിന്നെ -
കാണാൻ എത്രനാളായ്
കാത്തിരിപ്പൂ ഞാൻ
എന്നോമലാളെ

വർഷങ്ങൾ മാറി ദിവസ-
ങ്ങൾ മാറി എപ്പോൾ -
വരും എൻ പ്രിയേ നീ
എപ്പോൾ വരും എൻ പ്രിയേ നീ

ഡോൺ ജോൺ ബാബു



**ജിസ്റ്റോൻ ബേബി**

## അച്ഛൻ

പത്ത് മാസം ചുമന്നില്ല ,നൊന്തുപെറ്റില്ല
പാലൂട്ടിയില്ല , എങ്കിലും സ്നേഹമതില്ലെ-
ന്ന വരുമോ, അദ്ധ്വാനം മാത്രമായിട്ടെത്ര-
കാലവും പോറ്റിവളർത്തി

കുടുംബത്തിനായ് തൻ ജീവിതം മാറ്റിയോൻ,
ചോരയും നീരാക്കി അധ്വാനിക്കുന്നവൻ,
സ്നേഹമായ് മാറിയോൻ, സ്നേഹം നിറഞ്ഞവൻ,
മക്കൾക്കു വേണ്ടിത്തൻ ജീവനും നൽകുന്നോൻ,
എന്നെന്നും മക്കൾക്കു മാതൃകയാകേണ്ടോൻ

കുടുംബത്തിനായ് തൻ മോഹം മറക്കുന്നോൻ
ആ പേരിനുള്ളതു മൂന്നക്ഷരം മാത്രം 'അച്ഛൻ'
വൃദ്ധസദനത്തിലോ തെരുവീഥികളിലോ തൻ
ജീവിതാവസാനം ചിലവഴിച്ചീടുവോൻ
ആ പേരിനിള്ളത് മൂന്നക്ഷരം മാത്രം
**അച്ഛൻ, അച്ഛൻ, അച്ഛൻ. . . . . . . . . .**


Arun vinod


Dilshan marackar : VI B : Roll no : 8
ഭാവാത്മക ചിന്തകൾ


## LITTLE KITES PHOTO GALLERY











Applications Places
aeroplane.mp4
Movie Edit View Go Sound Help
Time:
Pause
Play
[Resources]



# Thanks..

